# ജീവചരിത്രം

ആക്ഷേപഹാസ്യകൃതികളിൽ 'വിനീതനായ ഈ ചരിത്രകാരൻ' ആയി സ്വയം പ്രത്യക്ഷപ്പെടുന്ന എഴുത്തുകാരനാണ് ബഷീർ. അത്തരം കൃതികളെ 'കഥ' എന്നല്ല 'ചരിത്രം' എന്നാണ് അദ്ദേഹം വിളിക്കാറ്. വർത്തമാനകാല ചരിത്രത്തെ കോമാളിവേഷം കെട്ടിക്കുന്ന പണിയാണ് അവിടെ ചെയ്യുന്നത്. ആ കഥകളിലും നോവലുകളിലുമെല്ലാം, സ്വാഭാവികമായും വർത്തമാനകാലചരിത്രം കടന്നുവരുന്നുണ്ട്.


പൊൻകുന്നം വർക്കി

കേസരി ബാലകൃഷ്ണപിള്ള, ആർ. ഇ. ആഷർ, തകഴി ശിവശങ്കരപിള്ള, പോഞ്ഞിക്കര റാഫി, പ്രേംനസീർ, പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, സുകുമാർ അഴീക്കോട്ട്, ടി. എൻ. ഗോപിനാഥൻനായർ, യു. എ. ഖാദർ തുടങ്ങിയ സുഹൃത്തുക്കളെപ്പറ്റി സാന്ദർഭികമായി എഴുതിയ കുറിപ്പുകൾ ജീവചരിത്രത്തിന്റെ കണക്കിൽ പെടുത്താൻ മാത്രമില്ല.

ഇതിനപ്പുറത്ത് ബഷീർ ചരിത്രം നേരിട്ട് കൈകാര്യം ചെയ്യുന്ന സന്ദർഭങ്ങൾ വിരളമാണ്. ഏതാനും വ്യക്തികളെപ്പറ്റിയുള്ള ജീവചരിത്രരചനകളാണ് ഈ വിഭാഗത്തിൽ ആകപ്പാടെയുള്ളത്—ഒരു പുസ്തകവും ചില ലേഖനങ്ങളും.


യു. എ. ഖാദർ

ബഷീറിന്റെ സുഹൃത്തും ദാർശനികനും വഴികാട്ടിയുമായ എം. പി. പോളി(1904–1952)നെപ്പറ്റി എഴുതിയ ചെറിയൊരു പുസ്തകമാണ് എം. പി. പോൾ (1991)—അദ്ദേഹം എഴുതിയ ഒരേയൊരു ജീവചരിത്രകൃതി. ഇംഗ്ലീഷ് അധ്യാപകൻ, പണ്ഡിതൻ, നിരൂപകൻ, പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെയും സാഹിത്യ പ്രവർത്തകസഹകരണ സംഘത്തിന്റെയും നായകൻ, വാഗ്മി എന്നീ നിലകളിലെല്ലാം പ്രശസ്തനായിരുന്നു. അച്ചടക്കമില്ലാത്ത ബഷീറിന്റെ മനസ്സ് അടുക്കും ചിട്ടയുമായി ജീവിതകഥ പറയുന്നില്ല. പോൾ തനിക്കാരായിരുന്നു എന്നാണ് പ്രധാനമായും പറയുന്നത്. അക്കാലത്തെ സാഹിത്യാന്തരീക്ഷത്തെപ്പറ്റിയും കോട്ടയത്ത് പോളിന്റെ മേൽനോട്ടത്തിൽ നടന്നിരുന്ന 'സാഹിതീസഖ്യം' എന്ന വേദിയെപ്പറ്റിയും ചെറിയൊരു ചിത്രം ഇതിൽ കിട്ടും.


സുകുമാർ അഴീക്കോട്ട്

പല നിലക്കും സമൂഹത്തിൽ അംഗീകാരമുണ്ടായിരുന്ന പോൾ ബാല്യകാലസഖിക്ക് അവതാരിക എഴുതിയത് അന്ന് ബഷീറിന്ന് ശ്രദ്ധ കിട്ടാൻ ഉപകരിച്ചിട്ടുണ്ട്. മലയാളത്തിലെ ശ്രദ്ധേയമായ അവതാരികകളിൽ ഒന്നാണത്. 'ബാല്യകാലസഖി ജീവിതത്തിൽ നിന്ന് വലിച്ചുചീന്തിയ ഒരേടാണ്. വക്കിൽ രക്തംപൊടിഞ്ഞിരിക്കുന്നു' എന്ന അതിലെ ആദ്യവാക്യം ഒരു ചൊല്ലുപോലെ പ്രചാരം നേടുകയുണ്ടായി. സാഹിത്യത്തെ സംബന്ധിച്ചും ഗ്രന്ഥകാരനെ സംബന്ധിച്ചും പല ഉൾക്കാഴ്ചകളും നിറഞ്ഞ ആ അവതാരിക എത്രമാത്രം ദീർഘവീക്ഷണത്തോടുകൂടി എഴുതിയതാണ് എന്ന് ബഷീറിന്റെ പിൽക്കാല ജീവിതം തെളിയിച്ചു. ഈ അവതാരികയുടെയും പുസ്തകത്തിന്റെ ഒന്നാംപതിപ്പ് പുറത്തിറക്കാൻ അനുഭവിച്ച കഷ്ടനഷ്ടങ്ങളുടെയും കഥ ഇവിടെ വിസ്തരിക്കുന്നുണ്ട്.

ബഷീറിന്റെ ഏതു പുസ്തകവും പോലെ ഈ ജീവചരിത്രവും മിക്കഭാഗത്തും സ്വന്തം കഥയാണ്.

ഈ വകുപ്പിൽ ഇനിയുള്ളത് ചില ലേഖനങ്ങളാണ്—കാറൽ മാർക്സ്, ഗാന്ധിജി, മൻസൂർ ഹല്ലാജ്, ഫരീദുദ്ദീൻ അത്താർ തുടങ്ങിയവരെപ്പറ്റിയുള്ളവ. ഇതിൽ ജീവചരിത്രലേഖനത്തിന്റെ ചിട്ടകൾ മാർക്സിനെപ്പറ്റി എഴുതിയതിലേ (1939) കാണുന്നുള്ളു. ദരിദ്രരോടും തൊഴിലാളികളോടും മാർക്സിനുണ്ടായിരുന്ന അങ്ങേയറ്റത്തെ സഹഭാവത്തെ കൊണ്ടാടുവാൻ വേണ്ടിയാണ് ഈ ലേഖനമെഴുതിയത്. മാർക്സിന്റെ നിരീശ്വരത്വത്തോട് ബഷീറിന് വിപ്രതിപത്തിയുണ്ട്. ഗാന്ധിജി എന്ന ലേഖനം (യാ ഇലാഹീ, 1997) മഹാത്മാവിനുള്ള ആദരപ്രണാമമാണ്.

അനൽഹഖ് (ഞാനാണ് സനാതനസത്യം) എന്ന് പ്രഖ്യാപിച്ചതിന്റെ പേരിൽ ക്രി. വ. 922 മാർച്ച് 26-ന് ബാഗ്ദാദിൽ കുരിശിൽ തറച്ചുകൊല്ലപ്പെട്ട മൻസൂർ ഹല്ലാജിന്റെ ജീവിതകഥ വിവരിച്ചുകൊണ്ട്, ആ ബലിയുടെ വർണ്ണന വികാരപൂർണമായി നിർവഹിച്ചുകൊണ്ട്, കേട്ടുകേൾവികളും അത്ഭുതകഥകളും ഇടകലർത്തി ബഷീർ എഴുതിയ 'അനൽഹഖ്' ('അനർഘനിമിഷം') കഥയുടെ സ്വഭാവത്തിലുള്ളതാണ്. ഫരീദുദ്ദീൻ അത്താർ എന്ന സൂഫിക്കവിയെപ്പറ്റിയുള്ള ലേഖനം (മാതൃഭൂമി ആഴ്ചപ്പതിപ്പ്: 1940) സൂഫിപഥത്തോട് ബഷീറിനുള്ള ആഭിമുഖ്യം വ്യക്തമാക്കുന്നു.

□

